## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3033 20.12.2012- ൽ മറുപടിക്ക്

### ഉരുൾപൊട്ടൽ സാദ്ധ്യതാ പ്രദേശങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ.എ നെല്ലിക്കുന്ന്<br>ശ്രീ. എം.പി അബ്ദുസ്സമദ് സമദാനി<br>ശ്രീ. കെ.എം ഷാജി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ഉരുൾപൊട്ടൽ സാദ്ധ്യതാ പ്രദേശങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഉരുൾപൊട്ടൽ സാദ്ധ്യത വർദ്ധിപ്പിക്കുന്ന ഘടകങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ; | (ബി) | ഭൂമിയുടെ ചരിവ്, ടി സ്ഥലത്തെ ഭൂവിനിയോഗം, മഴയുടെ അളവും ദൈർഘ്യവും, മണ്ണിന്റെ പശിമയും അതിന്റെ ആഴവും, പ്രദേശത്തെ അടിപ്പാറയും മണ്ണുമായുള്ള ബന്ധം, മനുഷ്യന്റെ ഇടപെടൽ (ചരിവിലെ റോഡ് വെട്ടൽ, മഴക്കുഴി നിർമ്മാണം, നീർച്ചാലുകളെ തടസ്സപ്പെടുത്തുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനം തുടങ്ങിയവ) തുടങ്ങിയ ഘടകങ്ങൾ ഉരുൾപൊട്ടൽ സാധ്യത വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്. |
| (സി) | ഇത്തരം പ്രദേശങ്ങളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ ആവശ്യമായ നടപടി പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | അത്തരത്തിൽ ഒരു പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ